# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: 22.09.2021 മുതൽ 26.09.2021വരെ)

## കണ്ണൂർ ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം
ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/കെ.എൻ.ആർ 76/2021 | തീയ്യതി: 21/09/2021 |
|---|---|

എ. പിന്നിട്ട നാല് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 00 | 33.0 – 32.1 | 25.5 – 24.8 | 82.7 – 75.5 | 10.0 – 00 |

ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 21-09-2021 | 22-09-2021 | 23-09-2021 | 24-09-2021 | 25-09-2021 |
|---|---|---|---|---|---|
| മഴ, മി.മീ | 5 | 5 | 3 | 4 | 4 |
| കൂടിയ താപനില, °C | 33 | 33 | 30 | 30 | 30 |
| കുറഞ്ഞ താപനില, °C | 25 | 25 | 25 | 25 | 25 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 80 | 80 | 80 | 80 | 80 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 73 | 73 | 73 | 73 | 73 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 12 | 10 | 14 | 10 | 10 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 290 | 270 | 290 | 320 | 290 |
| മേഘ വിന്യാസം, ഒക്ടാ | 5 | 5 | 6 | 6 | 5 |

സി. കാർഷിക നിർദ്ദേശങ്ങൾ

| | |
|---|---|
| | **അടുത്ത ദിവസങ്ങളിൽ നേരിയ തോതിൽ മഴ ലഭിക്കും.** |
| **പൊതു നിർദ്ദേശങ്ങൾ** | **വിസ്തൃത മഴ പ്രവചനം: അടുത്തയാഴ്ചയിൽ ശരാശരിമഴയുണ്ടാകും.**<br>വിത്ത്, റബ്ബർ, കശുവണ്ടി, മഞ്ഞൾ, കൊപ്ര, വളം എന്നിവ സുരക്ഷിതമാക്കി സൂക്ഷിക്കുക<br>ഇപ്പോഴത്തെ കാലാവസ്ഥ തെങ്ങിൽ കൂമ്പു ചീയൽ, വാഴയിൽ പനാമ വാട്ടം കുരുമുളകിന് ദ്രുത വാട്ടം ഇഞ്ചിയിലും മഞ്ഞളിലും മൂട് ചീയൽ, കവുങ്ങിൽ മഹാളി എന്നീ രോഗങ്ങൾ പടരുവാൻ സാഹചര്യമാകും. ജാഗ്രത പുലർത്തുക |

<table>
<tr><td>നെല്ല്</td><td>രണ്ടാം വിള (മുണ്ടകൻ) പാടം തയ്യാറാക്കുന്ന സമയം</td><td colspan="2">മണ്ണിൽ ഇരുമ്പിന്റെ അംശം കൂടുതലായതുകൊണ്ട് മണ്ണിലെ പുളിരസം വർദ്ധിക്കുന്നതിനും നെല്ലിന്റെ വളർച്ച മുരടിക്കുന്നതിനും കാരണമാകുന്നു. പറിച്ചു നടുന്നതിനു മുൻപേ പാടത്തു രണ്ടു തവണ എങ്കിലും വെള്ളം കയറ്റി വാർത്തു കളയുക. അതിനു ശേഷം കുമ്മായം/ഡോളമേയ്റ്റ് സെന്റിന് 2കിലോ ഗ്രാം എന്ന തോതിൽ മണ്ണുമായി നന്നായി ചേർത്തിളക്കണം. പറിച്ചു നട്ടതിന് ശേഷം 30-40 ദിവസം കഴിയുമ്പോൾ വീണ്ടും മേൽപ്പറഞ്ഞ അളവിൽ പാടത്തു വിതറി കൊടുക്കേണ്ടതാണ്. നിലമൊരുക്കുന്ന സമയത്തു ചാണകം /കമ്പോസ്റ്റു, പച്ചില വളം എന്നിവ സെന്റിന് 20കിലോ ഗ്രാം എന്ന തോതിൽ ചേർത്ത് ഉഴുതു മറിക്കണം.പൊട്ടാഷ് വളപ്രയോഗം കുമ്മായം ചേർത്ത് രണ്ടാഴ്ച കഴിഞ്ഞതിനു ശേഷമേ പാടുള്ളു.</td></tr>
<tr><td>നെല്ല്</td><td>ഞാറ് നടുന്ന സമയം</td><td colspan="2">ഞാറ് പറിച്ചു നടുന്നതിനു തൊട്ടു മുമ്പേ വേര് പ്സ്യൂഡോമോണാസ് ലായനി(20ഗ്രാം പ്സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ)ൽ അര മണിക്കൂർ മുക്കി വെക്കുക. ഇത് നെല്ല് കരുത്തോടെ വളരുന്നതിന് സഹായകമാകും.</td></tr>
<tr><td>തെങ്ങ്</td><td>വിവിധ ഘട്ടം</td><td>കൂമ്പ്ചീയൽ<br></td><td>കൂമ്പുചീയൽ ഉണ്ടായാൽ പ്രാരംഭ ഘട്ടത്തിൽ തന്നെ രോഗം ബാധിച്ച ഭാഗങ്ങൾ ചെത്തിമാറ്റി നശിപ്പിക്കുകയും മുറിവിൽ ബോഡോ കുഴമ്പു പുരട്ടുകയും ചെയ്യുക. തുടർന്ന് പുതുനാമ്പു വരുന്നത് വരെ കൂമ്പിനെ ഒരു പ്ലാസ്റ്റിക് കടലാസുപയോഗിച്ചു പൊതിഞ്ഞു മഴ വെള്ളം ഇറങ്ങാതെ സംരക്ഷിക്കുക.<br>സമീപത്തുള്ള തെങ്ങുകളുടെ കുരുത്തോലക്കും ചുറ്റുമുള്ള ഒലക്കവിളുകളിലും ഒരു ശതമാനം വീര്യമുള്ള ബോഡോ മിശ്രിതം തളിക്കുക.<br>ദുർബല മേഖലകളിൽ, തെങ്ങുകളുടെ പ്രതിരോധ ശേഷി ഉയർത്താൻ സൂക്ഷ്മ മൂലകങ്ങൾ ഉൾപ്പെടുന്ന സമഗ്ര പോഷക മൂലക പരിപാലനം ഉണ്ടായിരിക്കണം.</td></tr>
<tr><td>കുരുമുളക്</td><td>വിവിധ ഘട്ടം</td><td>ദ്രുത വാട്ടം<br></td><td>റിഡോമിൽ (2ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ) അല്ലെങ്കിൽ കോപ്പർ ഓക്സി ക്ളോറൈഡ് (3ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ) തളിക്കുക. ഇതേ രീതിയിൽ തയ്യാറാക്കിയ ലായനി അഞ്ചു ലിറ്റർ വീതം ഓരോ വള്ളിയുടെയും ചുവട്ടിലെ മണ്ണിൽ കുതിർക്കുകയും ചെയ്യുക</td></tr>
<tr><td>ഇഞ്ചി, മഞ്ഞൾ</td><td>വിവിധ ഘട്ടം</td><td>മൂടുചീയൽ<br></td><td>നീർവാർച്ച സൗകര്യം ഏർപ്പെടുത്തുക. ബോർഡോ മിശ്രിതം 1 % തടത്തിൽ ഒഴിച്ച് കൊടുക്കുക</td></tr>
</table>

| | | | |
|---|---|---|---|
| വാഴ | വിവിധ ഘട്ടം | ഇലപ്പുള്ളി രോഗം  | രോഗം ബാധിച്ച ഇലകൾ വെട്ടി മാറ്റി തീയിട്ടു നശിപ്പിക്കുക. ഒരാഴ്ചക്കുള്ളിൽ തന്നെ ഒരു ശതമാനം ബോർഡോമിശ്രിതം ലിറ്ററിന് ഒരു മില്ലി പശ കൂടി ചേർത്ത് തളിക്കുക. കുമിൾനാശിനിയായ കാർബൺടാസിം (0.1 %) അല്ലെങ്കിൽ മാങ്കൊസെബ് ( 0.2 %) രണ്ടാഴ്ച ഇടവേളയിൽ തളിച്ച് കൊടുക്കുക. |
| കവുങ്ങ് | വിവിധ ഘട്ടം | മഹാളി  | ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം കുലകളിലും ഇലകളിലും തളിച്ച് കൊടുക്കുക. |

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി